മെട്രോ വാർത്ത

23 August 2017

# കർഷക വരുമാനം ഇരട്ടിപ്പിക്കൽ: വികസന പദ്ധതി പ്രഖ്യാപനം നാളെ

കൊച്ചി: കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുന്നതിനുള്ള എറണാകുളം ജില്ലാതല വികസന പദ്ധതികൾ നാളെ പ്രഖ്യാപിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന ചടങ്ങിൽ, 2022 ഓടു കൂടി എല്ലാതരം കർഷകരുടെയും വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ഏഴിന കർമ പദ്ധതികളാണു പ്രഖ്യാപിക്കുക.

അടിസ്ഥാന സൗകര്യ വികസനം, ജൈവകൃഷി, ഗുണനിലവാരമുള്ള വിത്തുകൾ, വിപണനം, മൂല്യവർധിത ഉൽപാദനം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതാണ് ഏഴിന സമഗ്ര കാർഷിക പദ്ധതികൾ. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നവഭാരത പ്രസ്ഥാനം 2017-22 പദ്ധതിയുടെ എറണാകുളം ജില്ലാതല പരിപാടിയാണിത്.

സിഎംഎഫ്ആർഐയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണു പരിപാടി സംഘടിപ്പിക്കുന്നത്. നിശ്ചയദാർഢ്യത്തിലൂടെ ഫലപ്രാപ്തിയിലേക്ക് എന്ന സന്ദേശത്തിൽ രാജ്യമൊട്ടാകെ എല്ലാ ജില്ലകളിലും നടന്നുവരുന്ന നവഭാരത് പ്രതിജ്ഞ, കർഷക- ശാസ്ത്രജ്ഞ മുഖാമുഖം എന്നിവയുമടങ്ങിയതാണു പരിപാടി.

'സ്വന്തം കൃഷി: സുരക്ഷിത ഭക്ഷ്യാൽപാദനം' എന്ന വിഷയത്തിൽ നടക്കുന്ന കർഷക- ശാസ്ത്രജ്ഞ മുഖാമുഖത്തിൽ ജൈവ പച്ചക്കറി കൃഷി, മുട്ടയുൽപാദനം, മൃഗസംരക്ഷണം, ഇറച്ചി ഉൽപാദനം, മത്സ്യകൃഷി, മണ്ണ് പരിപാലനം, ജൈവവളങ്ങളുടെയും മൂല്യവർധിത വസ്തുക്കളുടെയും ഉൽപാദനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് കർഷകരുടെ സംശയങ്ങൾക്ക് സിഎംഎഫ്ആർഐ, കേരള കാർഷിക സർവകലാശാല, എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിലെ വിദഗ്ധർ മറുപടി പറയും.

കൂടാതെ, പരിപാടിയിൽ പങ്കെടുക്കുന്ന കർഷകർക്കു വിവിധയിനം വിത്തുകളുടെ സൗജന്യ കാർഷിക കിറ്റ് വിതരണം ചെയ്യും.

നവഭാരത പ്രതിജ്ഞയ്ക്ക് പ്രഫ. കെ.വി. തോമസ് എംപി നേതൃത്വം നൽകും.

വികസന പദ്ധതികളുടെ പ്രഖ്യാപനവും വിശദീകരണവും ഡൽഹി ആസ്ഥാനമായ ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്റ്റർ ജനറൽ ഡോ. പ്രവീൺ പുത്ര നിർവഹിക്കും. സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിക്കും.